**Desabimani**

**16 July 2018**

**Idukki : Increase in Water Level**

# ഇടുക്കിയിൽ ജലനിരപ്പ് ഉയർന്നു

**ഇടുക്കി**

കനത്ത മഴയിൽ ഇടുക്കി ഉൾപ്പെടെ ജലസംഭരണികളിൽ ജലനിരപ്പുയർന്നു. ഒരാഴ്ചക്കുള്ളിൽ ഇടുക്കിയിൽ മാത്രം 10 അടി വെള്ളം ഉയർന്നു. ഞായറാഴ്ച ഇടുക്കി ഡാമിൽ 2367.60 അടിയാണ്. ശനിയാഴ്ചയേക്കാൾ രണ്ടടികൂടി വർധിച്ചു. സംഭരണശേഷിയുടെ 61.67 ശതമാനം ആയി. കഴിഞ്ഞ വർഷത്തേക്കാൾ 51 അടി വർധനയുണ്ട്. ഞായറാഴ്ച 57 മില്ലി മീറ്റർ മഴ പെയ്തു.

മുല്ലപ്പെരിയാറിൽ ജലനിരപ്പ് 127.50 അടിയായി. പദ്ധതി മേഖലയിൽ 17.6 മി. മീറ്ററും തേക്കടിയിൽ 16.6 മി. മീറ്ററും മഴ പെയ്തു. ചെറിയ സംഭരണികളായ മാട്ടുപ്പെട്ടി, കല്ലാർകുട്ടി, നേര്യമംഗലം, ചെങ്കുളം, മലങ്കര എന്നിവിടങ്ങളിലും ജലനിരപ്പ് ഉയർന്നു.